7

# "നിന്റെ നാമം വിശുദ്ധീ കരിക്കപ്പെടുമാറാകട്ടെ"

യേശു നമ്മെ ദൈവത്തോടു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിട്ടുണ്ട്. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുമാറാകട്ടെ" (മത്തായി 6:9). ഒരു പേരിൽ എന്തെങ്കിലും ഉണ്ടോ? അനേകരും അതിനു തറപ്പിച്ചു പറയും ''ഇല്ല'' എന്ന്. അവർ യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ആദ്യ അപേക്ഷതന്നെ തള്ളിക്കളയുകയാണെന്നു അവർ അറിയുന്നില്ല. പേരിൽ ഒന്നുമില്ലെന്നു വിശ്വസിക്കുന്നവർക്കു "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുമാറാകട്ടെ" എന്നു ആത്മാവിൽ മനസ്സിലാക്കി പ്രാർത്ഥിക്കുവാൻ കഴിയുകയില്ല (മത്തായി 6:9). ഒരു നാമം അപ്രധാനമെങ്കിൽ, പിതാവിന്റെ നാമം വിശുദ്ധീകരിക്കപ്പെട്ടാലും നിന്ദ്യമായി കരുതിയാലും ഒന്നുമില്ല.

''പേരിൽ എന്തിരിക്കുന്നു?'' എന്ന ഷേക്സ്പിയറിന്റെ ചോദ്യം ധാരാളം പേർ ചോദിക്കാറുണ്ട്: "മറ്റു ഗന്ധമുള്ള പുഷ്പത്തെ നാം റോസ് എന്നു വിളിക്കാറില്ല"[1] ഒരാൾ ബൈബിളിനെ വിട്ടുകൊണ്ടു ഒരു മതത്തിൽ എന്താണ് നന്മയായുള്ളതു എന്നു തെളിയിക്കുവാൻ ശ്രമിക്കുമ്പോൾ, തന്റെ സ്ഥാനം ബൈബിളിൽ ഇല്ല എന്ന് അയാൾ തെളിയിക്കുകയാണ്. ഒരു റോസിൽ നിന്നും പൊതു നിഗമനത്തിലെത്തി ഒരു പേർ മറ്റൊന്നു പോലെ നല്ലതാണെന്നു പറഞ്ഞാൽ, ബെയെൽസെബൂലിന്റെ പേർ പിതാവിന്റേതു പോലെ നല്ലതാണെന്നു പറയും. മതപരമായ സത്യങ്ങൾക്കു സ്ഥാപിക്കുവാൻ സസ്യ ശാസ്ത്രത്തെയും ഇംഗ്ലീഷ് സാഹിത്യത്തെയും വിട്ടു ബൈബിളിലേക്കു തിരിയണം. യേശു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിലെ ആദ്യ അപേക്ഷ പരിഗണിച്ചാൽ പേരിൽ കാര്യമുണ്ടെന്നു നമുക്കു കാണാം. യേശു അങ്ങനെ വിചാരിച്ചു, തന്റെ ശിഷ്യന്മാരും അങ്ങനെ വിചാരിക്കണമെന്നു കർത്താവു കരുതുന്നു. അവർ പ്രാർത്ഥിക്കുമ്പോൾ ദൈവനാമത്തിന്റെ പ്രാധാന്യം ശിഷ്യന്മാർ മനസ്സിലാക്കണമെന്നു അവൻ ആഗ്രഹിച്ചു.

**ഒരു വിശുദ്ധ നാമം**

സർവ്വ ശക്തന്റെ പേർ നിസാരമായി നാം കണക്കാക്കരുത്. ദൈവ നാമത്തെ ഏറ്റവും ഉയർന്ന ആദരവ് നമ്മുടെ ആത്മാക്കളിൽ ആഴമായി ഉണ്ടാക്കുവാൻ യേശു ആഗ്രഹിച്ചു. അവന്റെ നാമം വിശുദ്ധീകരിക്ക

(ഹലൗഡ്), അതിനെ തൽസ്ഥാനത്തു വെക്കുകയാണ്, ഉയർന്ന സ്ഥാനത്ത് ഉയർത്തുമ്പോൾ, സാധാരണ ഉപയോഗ സ്ഥലത്തല്ല വെക്കുന്നത്. ''ഹലൗഡ്'' എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ച വാക്ക് രണ്ടു ചിന്തകളെ സംയോജിപ്പിക്കുന്നതാണ്: ''ഭൂമിയും'' ''അല്ലാത്തതും''; അതുകൊണ്ടു, പിതാവിന്റെ നാമം ഭൂമിയിൽ നിന്നല്ല, "അവന്റെ പാദ പീഠത്തിലേക്കു വലിച്ചിഴക്കുകയുമരുത്.''

### "ഹല്ലെലുയ്യാ!"

വലിയൊരു പുരുഷാരത്തിന്റെ ഘോഷം പോലെ, പെരു വെള്ളത്തിന്റെ ഇരച്ചൽ ശബ്ദത്തിൽ തകർത്ത ഇടിമുഴക്കത്തിന്റെ ശബ്ദത്തിൽ, അത്ഭുതകരമായ പ്രഖ്യാപനം യോഹന്നാനു വെളിപ്പെടുത്തി കൊടുത്തു. ദൂതന്മാർ "ഹല്ലെലൂയ്യാ" എന്നു പാടുന്നതു യോഹന്നാന് കേൾക്കുവാൻ കഴിഞ്ഞു (വെളിപ്പാട് 19:1, 3, 4, 6).

ആ മഹത്തായ വാക്ക് ഞാൻ മുൻപു കരുതിയതുപോലെ വൈകാരികമായ അലർച്ചയായിരുന്നില്ല. അക്ഷരികമായി, അതൊരു കല്പനയായിരുന്നു "കർത്താവിനെ സ്തുതിക്കുക!" ആ വാക്ക് ഗ്രീക്കു രൂപത്തിൽ (ഹാല്ലേലുയിയാ) ആയിരുന്നു വെളിപ്പാട് 19-ൽ യോഹന്നാൻ നാലുപ്രാവശ്യം കേട്ടതും, എന്നാൽ അതു ഉരുവിടുന്നതു എബ്രായ ഭാഷയിൽ നിന്നാണ്. *ഹലാൽ* എന്നും ലാ എന്നും രണ്ടുവാക്കുകൾ കൂടിച്ചേർന്നതിന്റെ അർത്ഥം, "പ്രെയിസ് യാഹ്‌വേ" എന്നാണ് സങ്കീർത്തനങ്ങൾ 111:1 ശ്രദ്ധിക്കുക: "പ്രെയിസ് ദ ലോഡ്!" എന്റെ അമേരിക്കൻ സ്റ്റാൻഡാർഡ് വെർഷൻ പറയുന്നത്, എബ്രായ ഭാഷയിൽ, ഹല്ലേലൂജാ എന്നാണ്. അതുകൊണ്ടു, നിങ്ങൾ ഈ മഹത്തായവാക്ക് മനസ്സിലാക്കി പാടുമ്പോൾ, നിങ്ങൾ ദൈവനാമത്തെ പ്രഖ്യാപിക്കുന്നതുകൊണ്ട് നിങ്ങൾ ദൈവനാമത്തിനു മഹത്വം കൊടുക്കുകയാണ്.

### നാമം അശുദ്ധമാക്കൽ

വീണ്ടും വീണ്ടും (ലേവ്യാപുസ്തകം 18:21; 19:12; 20:3; 21:6; 22:2), ദൈവനാമം അശുദ്ധമാക്കരുത് എന്നു മോശെ മുന്നറിയിക്കുന്നുണ്ട്. നാമം ദുരുപയോഗം ചെയ്യുകയും ശപിക്കുകയും ചെയ്യുന്നവരെ പിടിച്ചു തടവിലാക്കുന്ന ഒരു സാഹചര്യം മുൻപുണ്ടായിരുന്നു. ദൂഷണം കേട്ട എല്ലാവരേയും വരുത്തും (ലേവ്യാപുസ്തകം 24:11-14). അവനെ ''പാളയത്തിനു പുറത്തു'' കൊണ്ടുവരികയും ഓരോ സാക്ഷിയും അവരുടെ കൈകൾ കുറ്റവാളിയുടെ തലയിൽ വെച്ചു അവൻ പറഞ്ഞതു കേട്ടതാണെന്നു സമ്മതിക്കുകയും ചെയ്യും. പിന്നെ അവനെ കല്ലെറിയും.

### നാമം ഉച്ചരിക്കൽ

തന്റെ നാമം ഏതെങ്കിലും വിധത്തിൽ ദൂഷിപ്പിക്കയാണെങ്കിൽ ദൈവം അതിനെ കഠിനമായി നേരിടും - അവന്റെ നാമം വൃഥാ എടുക്കരുത് എന്നു കല്പലകയിൽ എഴുതിക്കൊടുത്തു (പുറപ്പാട് 20:7) - വളരെ വിശുദ്ധമായിത്തന്നെ അവന്റെ നാമം മനുഷ്യരുടെ ചുണ്ടുകളിൽ നിന്നു

വരണം എന്നല്ല ദൈവം ഉദ്ദേശിച്ചത്. അത്തരം അന്ധവിശ്വാസം യെഹൂദന്മാർക്കിടയിൽ അന്നും ഇന്നും ഉണ്ട്.

ദൈവ നാമം ദുരുപയോഗം ചെയ്യുന്ന വ്യക്തിയെ കല്ലെറിയേണം എന്നു ദൈവം കല്പിച്ചിരിക്കയാൽ (ലേവ്യാപുസ്തകം 24:16), പത്തു കല്പനകളിലെ മൂന്നാമത്തേതു തെറ്റിദ്ധരിക്കപ്പെട്ടതിനാലും, റബ്ബിമാർ പറഞ്ഞതു ദൈവനാമം സംസാരിക്കരുത്, അതു, പറയാവുന്നതല്ല, പാപികൾക്കു സംസാരിക്കുവാൻ പറ്റാത്ത വിശുദ്ധമാണ്. എങ്ങനെയായാലും, ദൈവത്തിന്റെ മുന്നറിയിപ്പു അവന്റെ നാമം ദുഷിക്കരുത് എന്നേയുള്ളു അല്ലാതെ ഉച്ചരിക്കരുത് എന്നല്ല. പേർ പറയാൻ പാടില്ലെങ്കിൽ, ബൈബിൾ കാലത്തിൽ വളരെയധികം പേർ ദൈവ നാമം എടുക്കുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ടല്ലോ; പഴയ നിയമത്തിൽ അതു 6,873 പ്രാവശ്യം[2] പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

കിങ്ങ് ജെയിംസ് വെർഷന്റെ സങ്കീർത്തനങ്ങൾ 68:4-ൽ എബ്രായ പദത്തിന്റെ ചുരുക്കവും ഉൾപ്പെടുത്തിയിട്ടുണ്ട്: "മരുഭൂമിയിൽ കൂടി വാഹനമേറി വരുന്നവനു വഴി നിരത്തുവിൻ; യാഹ് എന്നാകുന്നു അവന്റെ നാമം; അവന്റെ മുമ്പിൽ ഉല്ലസിപ്പിൻ." നാമം ഇവിടെ ചുരുക്കമായി ഉപയോഗിച്ചിരിക്കുന്നതിനാൽ അവന്റെ പേർ ഉച്ചരിക്കുവാൻ പാടില്ല എന്നർത്ഥമാക്കരുത്; മറിച്ചു നാമം അധികം ഉപയോഗിക്കാം എന്നാണ്. മുഖസ്തുതി ആയിട്ടല്ലെങ്കിലും, ദൈവത്തോടടുത്ത് വരികയും അവന്റെ നാമം ഉപയോഗിക്കുവാൻ ഇസ്രായേൽ മടിച്ചുമില്ല.

### നാമത്തെ "ഭയപ്പെടുക"

സങ്കീർത്തനങ്ങൾ 111:9 മനഃപ്പൂർവ്വമായിട്ടല്ലാതെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ മാത്രമാണ് "റെവറെന്റ്" എന്ന പദം ഉപയോഗിച്ചിട്ടുള്ളത്, അതു ഇവിടെ ദൈവത്തിനു മാത്രമാണ് അതു ഉപയോഗിച്ചിരിക്കുന്നത്.[3] ഇവിടെ തർജ്ജിമ ചെയ്ത "റെവറന്റ്" എന്ന വാക്ക് (എബ്രാ: യാരേ, തർജ്ജിമ ചെയ്തതു എൻ. ഏ. എസ്. ബിയിൽ "ഭയങ്കരം" എന്നാണ്) പഴയ നിയമത്തിൽ ഇതു മുന്നൂറു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. എബ്രായ വാക്കായ *യാരേ* എന്നതിനർത്ഥം "ഭയപ്പെടുക" അല്ലെങ്കിൽ "ബഹുമാനിക്കുക" എന്നാണ്. ചില ടൗണിൽ താമസിക്കുവാൻ ലോത്ത് ഭയപ്പെട്ടിരുന്നു (യാരേ; ഉല്പത്തി 19:30). കൂടാതെ "നിങ്ങൾ ഓരോരുത്തരും താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടേണം, ..." (ലേവ്യാ പുസ്തകം 19:3). ഇസ്രായേൽ, മോശെയെ, യോശുവയെ, ദൈവത്തെ "ഭയപ്പെട്ടിരുന്നു" (യാരേ) (യോശുവ 4:14; ലേവ്യാ പുസ്തകം 19:14). ദൈവനാമത്തെ ഉയർത്തിക്കാണിക്കും. വേദഭാഗമാണ് സങ്കീർത്തനങ്ങൾ 111:9. നാമം ബഹുമാനിക്കത്തക്ക യോഗ്യതയുണ്ട്, ഭയവും ഭക്തിയും നിമിത്തമാണ് ആവർത്തനപുസ്തകം 28:58-ൽ ഉപയോഗിച്ചിട്ടുണ്ട്. "*അതിശയവും ഭയങ്കരവുമായ* യഹോവയെ അവർ *ഭയപ്പെട്ടു*" (എംഫസിസ് മൈൻ).

യഹോവ മേഘത്തിൽ ഇറങ്ങി സിനായ് മലയെ ഇളക്കിയപ്പോൾ, മോശെയെ കടന്നുപോയപ്പോൾ അവന്റെ നാമം "പ്രഖ്യാപിക്കപ്പെട്ടു." "യഹോവ അവന്റെ മുമ്പാകെ കടന്നു ഘോഷിച്ചത് എന്തെന്നാൽ,

യഹോവ, യഹോവയായ ദൈവം, കരുണയും കൃപയും ഉള്ളവൻ; ദീർഘക്ഷമയും, മഹാദയയും, വിശ്വസ്തതയും ഉള്ളവൻ ..." (പുറപ്പാട് 34:6).

ദൈവം പിന്നീട് ഈ മനോഹരവും - ലോക - പ്രസിദ്ധവുമായ പൗരോഹിത്യ ആശിർവാദം നല്കി:

> യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ള വനാകട്ടെ; യഹോവ തിരുമുഖത്തിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ (സംഖ്യാപുസ്തകം 6:24-26).

സർവ്വശക്തൻ അവന്റെ നാമം മൂന്നു പ്രാവശ്യം ആ അനുഗ്രഹീത വാക്കുകളിൽ യാദൃശ്ചികമായി ഇട്ടതല്ല: "ഇങ്ങനെ അവർ യിസ്രായേൽ മക്കളുടെ മേൽ എന്റെ നാമം വെക്കേണം; ഞാൻ അവരെ അനുഗ്രഹിക്കും" (സംഖ്യാപുസ്തകം 6:27).

ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരുന്നതു, തങ്ക നിർമ്മിതമായ സാക്ഷ്യപെട്ടകത്തിന്മേൽ നിൽക്കുന്ന രണ്ടു കെരുബുകളുടെ നടുവിൽ നിന്നും ആയിരുന്നു (പുറപ്പാട് 25:22). ആ പെട്ടകം ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടു പോകുമ്പോൾ, അതിൽ നോക്കുകയോ സ്പർശിക്കുകയോ പാടില്ലായിരുന്നു (സംഖ്യാ പുസ്തകം 4:5, 6). അധികാരപ്പെടുത്താത്തവർ അതിനെ "ഒരു നിമിഷം" നോക്കിയാൽ പോലും മരണമായിരുന്നു ഫലം (സംഖ്യാപുസ്തകം 4:20). ഭൂമിയിലെ ഏറ്റവും വിശുദ്ധമായ സ്ഥലത്തേ അതു വെക്കാവു - അതി വിശുദ്ധമായ സ്ഥലത്ത് (പുറപ്പാട് 26:33; 40:21). ശരിയായി, കെരുബുകളുടെ മേൽ അധിവസിക്കുന്ന ഈ ദൈവ പെട്ടകത്തെ "സൈന്യങ്ങളുടെ യഹോവയുടെ നാമത്താൽ വിളിക്കപ്പെട്ടിരുന്നു" (2 ശമൂവേൽ 6:2).

### നാമത്തിന്റെ ശക്തി

ദൈവ നാമത്തിന്റെ ശക്തി ഓരോ വിശ്വസ്ത യെഹൂദന്റെയും ഹൃദയത്തിൽ ബോധ്യമായിരുന്നു. സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ ഗോല്യാത്തിന്റെ മുൻപിൽ നില്ക്കുവാൻ ബാലനായ ദാവീദിനു ഭയമില്ലായിരുന്നു (1 ശമുവേൽ 17:45). അതേ ബാല്യക്കാരൻ, "ഇസ്രായേലിന്റെ മധുരഗായകനായി" തീർന്നപ്പോൾ അവൻ ഓരോ യെഹൂദനെയും പ്രബോധിപ്പിച്ചുണർത്തി:

> യഹോവയെ സ്തുതിപ്പിൻ! യഹോവയുടെ ദാസന്മാരെ സ്തുതിപ്പിൻ, യഹോവയുടെ നാമത്തെ സ്തുതിപ്പിൻ യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ ഇന്നുമുതൽ എന്നെന്നേക്കും തന്നേ. സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ യഹോവയുടെ നാമം സ്തുതിക്കപ്പെടുമാറാകട്ടെ (സങ്കീർത്തനങ്ങൾ 113:1-3).

## ദൈവത്തോടു പ്രാർത്ഥിക്കൽ

ദാവീദിന്റെ സമയത്തു ദൈവനാമം - എല്ലാം - ജയിക്കുന്നതും അനുഗ്രഹീതവുമായിരുന്നു, യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോഴും സ്ഥിതി അതായിരുന്നു. ദൈവനാമത്തിൽ തന്നെയുള്ള പ്രാർത്ഥന ഇന്നു മച്ചിനു മുകളിൽ എത്തുകയില്ല! കാരണം പിതാവു ഏർപ്പെടുത്തിയിരിക്കുന്നതു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിനെയാണ് (1 തിമൊഥെയൊസ് 2:5). തന്റെ തിരുഹിതപ്രകാരം, സർവ്വ - ജ്ഞാനിയായ പിതാവു സർവ്വവും ക്രിസ്തുവിൽ കൂട്ടിച്ചേർത്തിരിക്കുന്നു (എഫെസ്യർ 1:10). ദൈവ - മനുഷ്യന്റെ സ്ഥാനം വളരെ പ്രധാനമാണ്, അതുകൊണ്ടു അവന്നു ഈ ആത്മിയ പ്രസ്താവന നടത്തുവാൻ കഴിഞ്ഞു: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'' (യോഹന്നാൻ 14:6; എംഫസിസ് മൈൻ). ദൈവത്തിന്റെ ആലോചനയും, അവന്റെ അപ്രമേയഹിതവും ക്രിസ്തുവിനു പുറത്തുള്ള ആരെയും രക്ഷിക്കുകയില്ല. യേശു പ്രകാശിക്കുന്ന ഉദയ നക്ഷത്രവും, വേരും ദാവീദിന്റെ മുളയും, അൽഫയും ഒമേഗയും, ആദ്യവും അന്തവുമാകുന്നു (വെളിപ്പാട് 22:13, 16). അവൻ മൂലക്കല്ലാണ്. ''മറ്റൊരുത്തനിലും രക്ഷയില്ല; രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (പ്രവൃത്തികൾ 4:12).

എങ്ങനെയായാലും, ക്രിസ്തു എല്ലായ്പ്പോഴും ആ സ്ഥാനം എടുത്തിരുന്നില്ല. പെന്തെക്കൊസ്തു നാളിനു മുൻപു, മരണത്തെ ജയിക്കുന്നതിനും, രക്ഷ അവന്റെ നാമത്തിലും ആകുന്നതിനു മുൻപു പ്രാർത്ഥന അവന്റെ നാമത്തിൽ ആയിരുന്നില്ല. അവൻ പറഞ്ഞു, ''ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല'' (യോഹന്നാൻ 16:24). അങ്ങനെ, എങ്ങനെ പ്രാർത്ഥിക്കണമെന്നു ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ, അവന്റെ നാമത്തിൽ പ്രാർത്ഥിക്കുവാൻ അവൻ പറഞ്ഞില്ല. ആ സമയത്ത് അത്തരം നിർദ്ദേശം നിയമപരമാകയില്ല. അതാണ് മത്തായി 6:9-13 വരെയുള്ള ശിഷ്യന്മാരുടെ പ്രാർത്ഥന ഇന്നു കാലഹരണപ്പെട്ടു പോയി എന്നു പറയുവാനുള്ള ഒരു കാരണം. ആ പ്രാർത്ഥന കൊടുത്തശേഷം മനുഷ്യചരിത്രത്തിൽ വലിയൊരു സംഭവം നടന്നു. സ്വർഗ്ഗത്തിലേയും ഭൂമിയിലേയും ഭരണത്തിനു മാറ്റം വന്നു. ദൈവം യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചു തന്റെ വലത്തുഭാഗത്തിരുത്തി. അവനെ സകല നാമത്തിലും മേലായ നാമം നല്കുക മാത്രമല്ല, സകല വാഴ്ച്ചകളും ശക്തിയും അധികാരവും അവന്റെ കാൽക്കീഴിലാക്കി. ദൂതന്മാരോടും മനുഷ്യരോടും അവനെ നമസ്ക്കരിപ്പാൻ കല്പിച്ചിരിക്കുന്നു (എഫെസ്യർ 1:20-23; എബ്രായർ 1:6).

ഇന്നു നിങ്ങളും ഞാനും പ്രാർത്ഥിക്കുമ്പോൾ, "ഞാൻ ആകുന്നവൻ ഞാൻ ആകുന്നവനെ" മാത്രമല്ല വിശുദ്ധീകരിക്കേണ്ടത് (പുറപ്പാട് 3:14), അവന്റെ ഏകജാതന്റെ നാമവും വിശുദ്ധീകരിക്കേണ്ടതുണ്ട്. സകലവും ഭരമേല്പിച്ചിരിക്കുന്ന തന്റെ പുത്രനെ ബഹുമാനിക്കാതെ, നമുക്കു പിതാവിനെ ബഹുമാനിക്കുവാൻ സാധ്യമല്ല (മത്തായി 11:27; യോഹന്നാൻ 5:23). സ്വർഗ്ഗത്തിലെ ദൂതന്മാർ പോലും പറയും, "അവർ

അത്യുച്ചത്തിൽ അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു" (വെളിപ്പാട് 5:12).

വലിയ ദൈവം കല്പിച്ചതു, മാനസ്സാന്തരവും പാപമോചനവും ക്രിസ്തുവിന്റെ നാമത്തിൽ സകല ജാതികളോടും പ്രസംഗിക്കുവാനാണ് (ലൂക്കൊസ് 24:46, 47). ജീവനുള്ള ദൈവത്തിന്റെ സഭയുടെ ഉത്ഭവസ്ഥലമായ യെരുശലേമിൽ, ഉത്ഭവ ദിവസമായ പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവു അപ്പൊസ്തലന്മാരിൽ പകർന്നു. ആ ദിവസം എല്ലാവരോടും കല്പിച്ചതു മാനസ്സാന്തരപ്പെട്ടു പാപമോചനത്തിനായി "യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവാനാണ്" (പ്രവൃത്തികൾ 2:38). ആ ദിവസം മുതൽ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന അപ്രായോഗികമായി. ആ ദിവസം മുതൽ എല്ലാ പ്രാർത്ഥനയും യേശുവിന്റെ നാമത്തിൽ വേണം അർപ്പിക്കുവാൻ (കൊലൊസ്യർ 3:17); ക്രിസ്ത്യാനിയുടെ ജീവിതവുമായുള്ള എന്തും വാക്കിനാലോ ക്രിയയാലോ യേശുക്രിസ്തുവിന്റെ നാമത്തിൽ വേണം ചെയ്യുവാൻ. എല്ലാ നാവും അവന്റെ നാമം ഏറ്റു പറയണമെന്നാണ് ദൈവേഷ്ടം (ഫിലിപ്പിയർ 2:9). അതു പിതാവിന്റെ നാമത്തെ തരം താഴ്ത്തുന്നതല്ല; നേരെ മറിച്ചു, പുത്രനെ ബഹുമാനിക്കാത്തവൻ അവൻ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല എന്നു പറഞ്ഞത് പിതാവാണ് (യോഹന്നാൻ 5:23). വാസ്തവത്തിൽ, പിന്നെ, നിങ്ങൾ യേശുവിന്റെ നാമത്തെ വിശുദ്ധീകരിച്ചു അവനെ അനുഗമിക്കുമ്പോൾ, നിങ്ങൾ ദൈവനാമത്തെയാണ് വിശുദ്ധീകരിക്കുന്നത്.

---

കുറിപ്പുകൾ

[1]ഷേക്സ്പിയർ, *റോമിയോ ആന്റ് ജൂലിയെറ്റ്,* ആക്ട് 2, രംഗം 2. [2]വില്ല്യം ഗെസേനിയസ്, *എ ഹീബ്രു ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ഓൾഡ് ടെസ്റ്റ്മെന്റ്* ട്രാൻസ്, എഡ്‌വേർഡ് റോബിൻസൺ, എഡ് ഫ്രാൻസിസ് ബ്രൗൺ, എസ്. ആർ. ഡ്രൈവർ ആന്റ് ചാൾസ് എ. ബ്രിഗ്സ് (ഓക്സ്ഫോർഡ്: ക്ലാരെൻഡൻ പ്രെസ്, 1957), 217. [3]ആരും "റെവറന്റ്" എന്നു നാമകരണം ചെയ്യരുത് എന്നു ഈ ഭാഗം എടുത്തു ആളുകൾ തെറ്റായി തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഉപദേഷ്ടാക്കന്മാർ "റെവറന്റ്" അല്ലെങ്കിൽ "റൈറ്റ് റെവറന്റ്" എന്നതു ഉപേക്ഷിക്കണം. അല്ലെങ്കിൽ "ആരാധ്യനായ സർ" അല്ലെങ്കിൽ "പരമാരാധ്യനായ സർ" അല്ലെങ്കിൽ "വെരിറൈറ്റ് റെവറന്റ്" അല്ലെങ്കിൽ "പിതാവ്" അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള മതപരമായ പദവി എടുത്തുകൂടാ. അതല്ലാ സങ്കീർത്തനങ്ങൾ 111:9 പറയുന്നത്. ചിലപ്പോൾ "ബ്രദർ" എന്ന വാക്കും ഒരു പദവിയായി ഉപയോഗിച്ചു കാണാറുണ്ട്, കാരണം ഉപദേഷ്ടാക്കന്മാരെ അവർ "ബ്രദർ സോ ആന്റ് സോ" എന്നു വിളിക്കാറുണ്ട്. ചിലർ സഭാംഗങ്ങളെ "മിസ്റ്റർ" എന്നും സംബോധന ചെയ്യാറുണ്ട്. നമ്മുടെ കർത്താവു സകല മതപരമായ പദവികളെയും നിഷേധിച്ചിട്ടുണ്ട്: "നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു. നിങ്ങളോ എല്ലാവരും സഹോദരന്മാർ, ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു സ്വർഗ്ഗസ്ഥൻ തന്നേ" (മത്തായി 23:8,9).

© 2009 Truth for Today